ലേഖനം

എം. സാജിദ്

# ജനകീയ സമരങ്ങൾ വിജയിക്കാനുള്ളതാണ്

**സാമൂഹികപ്രശ്നങ്ങളെ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ അഭിമുഖീകരിച്ചുകൊണ്ട് ജനജീവിതത്തെ ക്ഷേമത്തിലേക്ക് നയിക്കാൻ വഴിയൊരുക്കുക എന്നതാണ് സോളിഡാരിറ്റിയുടെ പ്രഖ്യാപിത ലക്ഷ്യം. സേവനവും സമരവുമാണ് ഇതിന് മാർഗമായി സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ സാധുത പ്രാമാണികമായി വിശദീകരിച്ചും പ്രായോഗികമായ സാധ്യതകൾ വിജയകരമായി നടപ്പാക്കിയും സംഘടന മുന്നോട്ടുപോയപ്പോൾ സമുദായത്തിനകത്തുള്ളവർ ഈ ശൈലിയെ സ്വാംശീകരിക്കുന്നതാണ് കാണാൻ കഴിയുന്നത്.**

**ഇടതുപക്ഷ** യുവജന പ്രസ്ഥാനങ്ങൾക്ക് കാറ്റുവീഴ്ച ഉണ്ടായതോടെ കേരളത്തിലെ ചെറുത്തുനിൽപുകൾക്ക് അകാലനര ബാധിച്ചിരിക്കുന്നു എന്ന പ്രചാരണത്തെ അസ്ഥാനത്താക്കുന്നതാണ് സോളിഡാരിറ്റി സമരങ്ങൾക്ക് അടുത്തകാലത്തുണ്ടായ അൽഭുത വിജയങ്ങൾ (സോളിഡാരിറ്റി ഇത്തരം സമരങ്ങളിലൂടെ 'കപട ഇടതുപക്ഷം' കളിക്കുന്നു എന്ന മതേതര ആർത്തനാദത്തെ തൽക്കാലം മറന്നേക്കുക). ചില സമരങ്ങളിലെങ്കിലും സോളിഡാരിറ്റിയുടെ കടന്നുവരവ് ഇടതുസംഘടനകളെ സമ്മർദത്തിലാക്കുകയും സമരത്തിലേക്ക് അവരെ എടുത്തെറിയുകയും ചെയ്തിട്ടുണ്ട്. മറ്റു ചില സമരങ്ങൾ തുടങ്ങി വിജയം കണ്ട് അവസാനിച്ച ശേഷവും ഇത്തരം ചില കാര്യങ്ങൾ ഈ ദുനിയാവിൽ നടക്കുന്നു എന്നുപോലും അറിയാത്തത്ര പക്വതയിലാണ് ഹോൾസെയിൽ വിപ്ലവ കോൺട്രാക്ട് സംഘങ്ങൾ ഉള്ളത്.

## കുത്തകവിരുദ്ധ സമരത്തിന്റെ വിജയം

ചെറുകിട വ്യാപാരരംഗത്തെ കുത്തകവൽക്കരണത്തെ കേരളത്തിൽ ആദ്യമായി പ്രശ്നവൽകരിച്ചതും സമരങ്ങൾക്ക് ബുദ്ധിപരമായ നേതൃത്വം നൽകിയതും സോളിഡാരിറ്റി ആയിരുന്നു. കഴിഞ്ഞ മൻമോഹൻ സർക്കാറിന്റെ കാലത്ത് ചില നിയമഭേദഗതികളിലൂടെ വ്യാപാരകുത്തകകൾക്ക് ഇന്ത്യൻ റീട്ടെയിൽ മാർക്കറ്റിലേക്ക് പിൻവാതിൽ പ്രവേശനം അനുവദിച്ചപ്പോൾ തന്നെ സോളിഡാരിറ്റി ഈ വിഷയം പഠിക്കുകയും ഇതുണ്ടാക്കിയേക്കാവുന്ന വിപത്തുകളെക്കുറിച്ച് കേരളീയ സമൂഹത്തിന് മുന്നറിയിപ്പു നൽകുകയും ചെയ്തു. ഈ വിഷയത്തിൽ കേരളത്തിലെ തന്നെ ആദ്യ പൊതുപരിപാടി സോളിഡാരിറ്റിയുടെ നേതൃത്വത്തിൽ കോഴിക്കോട്ടു

വെച്ചാണ് നടന്നത്.

വ്യാപാരികളെയും പൊതുജനങ്ങളെയും ബോധവത്കരിക്കാനാണ് സംഘടന ആദ്യം ശ്രമിച്ചത്. 'ഈ കൊലക്കയർ ആർക്കുവേണ്ടി?' എന്ന സോളിഡാരിറ്റിയുടെ ലഘുപുസ്തകം പ്രക്ഷോഭത്തിന്റെ ക്യാപ്സൂൾ ഗൈഡായി മാറി. മിക്ക സ്ഥലങ്ങളിലും വ്യാപാരികളുടെ സംഘടനാ യോഗങ്ങളിൽ ഈ വിഷയം വിശദീകരിച്ചത് സോളിഡാരിറ്റി പ്രവർത്തകരായിരുന്നു.

റിലയൻസ് ഫ്രഷ്, മോർ, സ്പെൻസർ, ബിഗ്ബസാർ തുടങ്ങിയ കുത്തക സ്ഥാപനങ്ങൾ കേരളത്തിലുടനീളം ഔട്ട്ലെറ്റുകൾ സ്ഥാപിച്ചപ്പോൾ പ്രാദേശിക തലങ്ങളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചാണ് സമരങ്ങൾ ആരംഭിച്ചത്. ഇത്തരം സമിതികളിൽ പ്രദേശത്തെ എല്ലാ രാഷ്ട്രീയ-സാമൂഹിക-വ്യാപാരി നേതാക്കളും പൊതുപ്രവർത്തകരും അംഗങ്ങളായിരുന്നു. പലയിടങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഇത്തരം കമ്പനികൾക്ക് ലൈസൻസ് നൽകുന്നത് തടയാനുള്ള നീക്കങ്ങളാണ് നടത്തിയത്. ഇരുളിന്റെ മറവിൽ ഉപകരണങ്ങളും മറ്റും ഇറക്കാനുള്ള ശ്രമങ്ങൾ സമരക്കാരുടെ ജാഗ്രതക്കുമുമ്പിൽ പൊളിഞ്ഞുപോയി. മിക്ക സ്ഥലങ്ങളിലും സ്ഥാപനങ്ങൾ തുടങ്ങാനുദ്ദേശിച്ച കെട്ടിടങ്ങൾക്കു മുന്നിൽ കുടിൽകെട്ടി സമരം നടത്തുകയും ചെയ്തു.

തുടക്കത്തിൽ ആത്മവിശ്വാസക്കുറവുണ്ടായിരുന്ന സമരപ്രവർത്തകർക്ക് പലയിടങ്ങളിലും നല്ല റിസൽട്ടുകൾ ലഭിച്ചു തുടങ്ങി. പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ജനകീയ സമരത്തെ പരിഗണിച്ച് ലൈസൻസുകൾ നൽകാതിരിക്കുകയോ നൽകിയവ റദ്ദാക്കുകയോ ചെയ്തു. പ്രത്യേക ട്രൈബ്യൂണലിൽ നിന്ന് അനുകൂലവിധി നേടിയെടുത്ത് ചിലയിടങ്ങളിൽ കുത്തകകൾ ഇതിനെ മറികടക്കാൻ ശ്രമിച്ചു.

മുക്കം, മഞ്ചേരി, കുന്ദംകുളം, രാമനാട്ടുകര, ആലുവ തുടങ്ങിയ സ്ഥലങ്ങളിൽ ശ്രദ്ധേയമായ സമരങ്ങളാണ് നടന്നത്. ഏറ്റവും ശ്രദ്ധിക്കപ്പെട്ടത് മുക്കത്തെ സമരമായിരുന്നു. ലോക പ്രശസ്ത ആക്ടിവിസ്റ്റും ചെറുകിട വ്യാപാരകുത്തകകൾക്കെതിരായ ദേശീയ കൂട്ടായ്മയായ 'നാഷ്നൽ ഫോറം ഫോർ റീട്ടെയിൽ ഡെമോക്രസി'യുടെ ചെയർപേഴ്സണുമായ വന്ദനശിവയെ കൊണ്ടുവന്നാണ് ഇവിടെ സമരം ജ്വലിപ്പിച്ചത്.

കുത്തകകൾക്കെതിരായ നിയമം നിർമിക്കണം എന്ന ആവശ്യമാണ് അടുത്ത ഘട്ടത്തിൽ സോളിഡാരിറ്റി ഉയർത്തിയത്. സമരത്തോടൊപ്പം നിൽക്കുന്നുവെന്ന് വരുത്തിത്തീർത്ത ഇടതുസംഘടനകൾ ഇതോടെ പ്രതിരോധത്തിലായി. കുത്തകകൾക്കെതിരായ നിലപാട് സ്വീകരിച്ചു എന്നവകാശപ്പെടുന്ന ഇടതുപക്ഷവും സർക്കാറും സാങ്കേതികന്യായങ്ങൾ പറഞ്ഞ് നിയമനിർമാണത്തിൽ നിന്ന് പിന്തിരിയാൻ ശ്രമിച്ചതിനെ സോളിഡാരിറ്റി ചോദ്യംചെയ്തു. അനങ്ങാപ്പാറ നയം സ്വീകരിച്ച സർക്കാർ ശൈലിയെ വിമർശിച്ച് സംസ്ഥാനത്തൊട്ടാകെ ശ്രദ്ധേയമായ പോസ്റ്റർ പതിച്ചു. 2007 ആഗസ്റ്റ് ഒമ്പത് കുത്തകവിരുദ്ധ ദിനമായി ആചരിച്ചു. സോളിഡാരിറ്റി ഓവർ സ്മാർട്ടാകാൻ ശ്രമിക്കുന്നു എന്നായിരുന്നു ഈ സന്ദർഭത്തിൽ ഇടതു യുവനേതാക്കൾ ആരോപിച്ചത്.

ദേശീയതലത്തിലുള്ള സമരങ്ങളിലും സോളിഡാരിറ്റി പങ്കുവഹിച്ചു. 'ഫോറം ഫോർ റീട്ടെയിൽ ഡെമോക്രസി'യിൽ കേരളത്തെ പ്രതിനിധീകരിച്ചത് സോളിഡാരിറ്റി ആയിരുന്നു. പൊതുജനങ്ങളെ വിഷയത്തിൽ ബോധവത്കരിക്കാൻ ഒരു ഡോക്യുമെന്ററി ഫിലിം (*ചെറുത്തുനിൽപ്പ്*) സോളിഡാരിറ്റി തയാറാക്കി. ദേശീയതലത്തിൽ നടന്ന സമ്മർദങ്ങൾക്ക് ഫലമുണ്ടായി. വിഷയം പഠിച്ച് ശിപാർശകൾ സമർപ്പിക്കാൻ നിയമിക്കപ്പെട്ട പാർലമെന്ററിസമിതി സ്വദേശി-വിദേശി കുത്തകകളെ സമ്പൂർണമായി നിരോധിക്കണമെന്ന് നിർദ്ദേശിച്ചു. ഈ സമിതിയുടെ നിർദേശം നടപ്പാക്കണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ട് സോളിഡാരിറ്റി രണ്ടു വെബ്സൈറ്റുകളിൽ ഓൺലൈൻ പെറ്റീഷനുകളും നടപ്പാക്കിയിട്ടുണ്ട്.

## തീരപരിപാലന നിയമം പിൻവലിക്കുന്നു

ആരാലും ശ്രദ്ധിക്കപ്പെടാതെ പോവുകയും സമൂഹത്തിലെ ഏറ്റവും പിന്നാക്ക വിഭാഗങ്ങളിലൊന്നായ തീരവാസികളെ നക്കിത്തുടക്കാൻ പദ്ധതിയിട്ടിരുന്നതുമായ തീരദേശ പരിപാലന നിയമം (Costal Zone Management) കേരളത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും ശക്തമായ ചെറുത്തുനിൽപ്പ് നടത്തി ഭരണ-പ്രതിപക്ഷ ഭേദമന്യെ പാർട്ടികളെക്കൊണ്ട് നിലപാടെടുപ്പിക്കുകയും ചെയ്തത് സോളിഡാരിറ്റിയുടെ ചരിത്രത്തിലെ ജ്വലിക്കുന്ന ഏടാണ്. ചില പ്രദേശങ്ങളിൽ മാത്രം സ്വാധീനമുള്ള നാമമാത്ര മത്സ്യത്തൊഴിലാളി സംഘടനകളുടെ മാത്രം അജണ്ടയായിരുന്ന ഈ പുതുനിയമത്തെക്കുറിച്ച ചർച്ച കേരളത്തിന്റെ മുഖ്യധാരാ സംവാദത്തിലേക്ക് കൊണ്ടുവന്നത് സോളിഡാരിറ്റിയാണ്. മത്സ്യത്തൊഴിലാളി സംഘടനകളെയും ആക്ടിവിസ്റ്റുകളെയും കൂട്ടിപ്പിടിച്ച് ഭരണ-പ്രതിപക്ഷ കക്ഷികളിൽ സമ്മർദം സൃഷ്ടിച്ചാണ് ഈ സമരം സഫലമാക്കിയത്.

തീരപ്രകൃതിയെയും ആവാസവ്യവസ്ഥയെയും തീരവാസികളുടെ ജീവിത-തൊഴിൽ സുരക്ഷയെയും സംരക്ഷിക്കുന്ന തീരസംരക്ഷണ നിയമ(CRZ)ത്തെ പൂർണമായും അട്ടിമറിച്ച് തീരങ്ങളിൽ അനിയന്ത്രിതമായ നിർമാണ പ്രവർത്തനങ്ങൾക്കും ടൂറിസം വികസനത്തിനും പ്രോത്സാഹനം നൽകുന്ന, അതു



ആരാലും ശ്രദ്ധിക്കപ്പെടാതെ പോവുകയും സമൂഹത്തിലെ ഏറ്റവും പിന്നാക്ക വിഭാഗങ്ങളിലൊന്നായ തീരവാസികളെ നക്കിത്തുടക്കാൻ പദ്ധതിയിട്ടിരുന്നതുമായ തീരദേശ പരിപാലന നിയമം (Costal Zone Management) കേരളത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും ശക്തമായ ചെറുത്തുനിൽപ്പ് നടത്തി ഭരണ-പ്രതിപക്ഷ ഭേദമന്യെ പാർട്ടികളെക്കൊണ്ട് നിലപാടെടുപ്പിക്കുകയും ചെയ്തത് സോളിഡാരിറ്റിയുടെ ചരിത്രത്തിലെ ജ്വലിക്കുന്ന ഏടാണ്.

**ചെറുകിട വ്യാപാരരംഗത്തെ കുത്തകവൽക്കരണത്തെ കേരളത്തിൽ ആദ്യമായി പ്രശ്നവൽകരിച്ചതും സമരങ്ങൾക്ക് ബുദ്ധിപരമായ നേതൃത്വം നൽകിയതും സോളിഡാരിറ്റി ആയിരുന്നു. കഴിഞ്ഞ മൻമോഹൻ സർക്കാറിന്റെ കാലത്ത് ചില നിയമഭേദഗതികളിലൂടെ വ്യാപാരകുത്തകകൾക്ക് ഇന്ത്യൻ റീട്ടെയിൽ മാർക്കറ്റിലേക്ക് പിൻവാതിൽ പ്രവേശനം അനുവദിച്ചപ്പോൾ തന്നെ സോളിഡാരിറ്റി ഈ വിഷയം പഠിക്കുകയും ഇതുണ്ടാക്കിയേക്കാവുന്ന വിപത്തുകളെക്കുറിച്ച് കേരളീയ സമൂഹത്തിന് മുന്നറിയിപ്പു നൽകുകയും ചെയ്തു.**




വഴി തീരവാസികളുടെ നിർബന്ധിത കുടിയൊഴിപ്പിക്കലിന് കാരണമാകുന്ന പുതിയ നിയമനിർദേശമായിരുന്നു തീരപരിപാലന നിയമം (CZM). നിയമത്തിന്റെ വിവിധ വശങ്ങളും പ്രത്യാഘാതങ്ങളും വിശദമായി പഠിക്കാൻ സോളിഡാരിറ്റി സംവിധാനമൊരുക്കി. മത്സ്യത്തൊഴിലാളി സംഘടനകളെയും ഈ രംഗത്തെ പ്രമുഖരെയും വിളിച്ചുചേർത്തു എറണാകുളത്ത് നടത്തിയ ചർച്ചാപരിപാടി പ്രക്ഷോഭ സമരങ്ങൾക്ക് വെളിച്ചം നൽകുന്നതായി.

പ്രക്ഷോഭങ്ങളുടെ ആദ്യഘട്ടത്തിൽ പെരുമാതുറ, ആലപ്പുഴ, പരപ്പനങ്ങാടി എന്നിവിടങ്ങളിൽ ജനകീയ സമ്മേളനങ്ങൾ നടന്നു. തുടർന്ന് കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള തീരപ്രദേശങ്ങളിൽ സോളിഡാരിറ്റി പ്രവർത്തകർ നിയമത്തെക്കുറിച്ച ബോധവത്കരണം നടത്തി. തീരദേശ പ്രക്ഷോഭത്തിലെ ഏറ്റവും ശ്രദ്ധേയമായ ഇനം സംസ്ഥാന ജനറൽ സെക്രട്ടറിയും സെക്രട്ടറിയും നയിച്ച തീരദേശ ജാഥകളായിരുന്നു. കാസർകോട് നിന്നും തിരുവനന്തപുരത്തുനിന്നും ആരംഭിച്ച ജാഥകൾ കേരളത്തിലെ ഒമ്പത് തീരദേശ ജില്ലകളിലും ആവേശം സൃഷ്ടിച്ചു കടന്നുപോയി. തീരവാസികളുടെ സംരക്ഷണത്തിനുവേണ്ടി 'കരക്കാർ' നടത്തിയ ആത്മാർഥ പ്രയത്നങ്ങളെ അതിശയത്തോടും സ്നേഹാദരവുകളോടെയുമാണ് തീരക്കാർ നോക്കിക്കണ്ടത്.

തീരദേശയാത്രയിലെ ഏറ്റവും ശ്രദ്ധേയമായിരുന്ന ഇനമായിരുന്നു 'കടലാണ് കരളാണ്' എന്ന തെരുവ്നാടകം. തീരവാസികളുടെ ആശങ്കകളെ നർമത്തിൽ ചാലിച്ച് അവതരിപ്പിച്ച നാടകം എല്ലാ തീരങ്ങളിലും ആവേശോജ്വലമായ പ്രതികരണങ്ങളാണ് ഏറ്റുവാങ്ങിയത്. CZM പിൻവലിക്കണമെന്നാവശ്യപ്പെട്ട് പതിനായിരത്തിലധികം തീരവാസികൾ ഒപ്പിട്ട ഭീമഹരജി ജാഥക്കുശേഷം പ്രധാനമന്ത്രിക്ക് അയക്കുകയുണ്ടായി. 'തീരങ്ങളിൽ തീ പടരുംമുമ്പെ' എന്ന ഡോക്യുമെന്ററിയും പ്രക്ഷോഭത്തിന് ആക്കംകൂട്ടാൻ സഹായിച്ചു.

പിന്നീട് നടന്നത് ഭരണരംഗത്തെ ലോബിയിംഗ് പ്രവർത്തനങ്ങളായിരുന്നു. CZM നിയമത്തിനെതിരെ സംസ്ഥാന സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിയെയും ഫിഷറീസ് മന്ത്രി എസ്. ശർമയെയും സി.പി.എം, സി.പി.ഐ, കോൺഗ്രസ്, കേരള കോൺഗ്രസ് ഭാരവാഹികളെയും സോളിഡാരിറ്റി നേതാക്കൾ സന്ദർശിച്ചു. ഏറ്റവും ശ്രദ്ധേയമായത് കെ.പി.സി.സി. പ്രസിഡണ്ട് രമേശ് ചെന്നിത്തലയുമായി നടന്ന സംസാരമായിരുന്നു. നിയമത്തെക്കുറിച്ചും അത് തീരദേശത്ത് ഉണ്ടാക്കിയേക്കാവുന്ന വിപത്തുകളെക്കുറിച്ചും അദ്ദേഹത്തോട് സംസാരിച്ചപ്പോൾ അന്നുരാത്രി നടക്കുന്ന കോൺഗ്രസ് രാഷ്ട്രീയകാര്യ യോഗത്തിൽ പ്രശ്നം ചർച്ച ചെയ്യാമെന്ന് അദ്ദേഹം ഉറപ്പുനൽകി. പിറ്റേന്ന് പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടിയെ കണ്ടപ്പോൾ തലേന്ന് നടന്ന യോഗത്തിൽ CZM ചർച്ച ചെയ്തതും കെ.വി തോമസിന്റെ നേതൃത്വത്തിൽ ഉപസമിതി രൂപീകരിച്ച കാര്യവും അദ്ദേഹം അനുസ്മരിച്ചു.

എല്ലാ എം.എൽ.എമാരോടും എം.പിമാരോടും അഭിപ്രായമാരാഞ്ഞ് കേന്ദ്രം കത്തയച്ച കാര്യം അറിഞ്ഞ ഉടൻതന്നെ സംസ്ഥാനത്തെ ഏതാണ്ടെല്ലാ എം.എൽഎമാരെയും എം.പിമാരെയും നേരിൽ കണ്ട് നിവേദനം നൽകി. പല എം.എൽ.എമാരും പിന്നിട് ഇതേക്കുറിച്ച് നിയമസഭയിൽ ചോദ്യമുന്നയിക്കുകയും ചെയ്തു. സോളിഡാരിറ്റിയുടെ നിവേദനങ്ങൾ ഇക്കാര്യത്തിൽ വളരെ സഹായകമായി എന്ന് പിന്നീട് പല സാമാജികരും നേരിൽ കണ്ടപ്പോൾ പറയുകയുണ്ടായി.

കേന്ദ്രസർക്കാറിന്റെ പാർലമെന്ററി സമിതിയും സമരക്കാരുടെ ആശങ്കകൾ പങ്കുവെക്കുകയാണുണ്ടായത്. തിരക്കുപിടിച്ചും തീരവാസികളുടെ അനുവാദമില്ലാതെയും നിയമം നടപ്പിലാക്കരുതെന്ന് വിവിധ കക്ഷികളിലെ എം.പിമാർ അംഗങ്ങളായ സമിതി സർക്കാറിനോടാവശ്യപ്പെട്ടു. മത്സ്യത്തൊഴിലാളി സംഘടനകളും ഇക്കാര്യത്തിൽ ദേശീയാടിസ്ഥാനത്തിൽ സമ്മർദങ്ങൾ ഉയർത്തി.

ഒടുവിൽ, ഏറെ ആശങ്കകളുയർത്തിയ നിയമം ജനകീയ സമ്മർദഫലമായി സർക്കാറിന് ഉപേക്ഷിക്കേണ്ടിവന്നു. ഒരുപക്ഷേ പിൻവാതിലിലൂടെ ഇനിയും പാരകൾ ഉയർന്നേക്കാം. അവയെയും യഥാസമയം കണ്ടെത്തി പ്രതിരോധിക്കേണ്ട ചുമതല പൗരസമൂഹത്തിന് തന്നെയാണ്. എന്നിരുന്നാലും, ജനവിരുദ്ധ നയങ്ങളെ ശക്തമായും ആസൂത്രിതമായും ശാസ്ത്രീയമായും പ്രതിരോധിച്ചാൽ ചെറുത്തു തോൽപിക്കാനാവും എന്ന സന്ദേശമാണ് തീരദേശസമരവും നൽകുന്നത്.

സാമൂഹികപ്രശ്നങ്ങളെ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ അഭിമുഖീകരിച്ചുകൊണ്ട് ജനജീവിതത്തെ ക്ഷേമത്തിലേക്ക് നയിക്കാൻ വഴിയൊരുക്കുക എന്നതാണ് സോളിഡാരിറ്റിയുടെ പ്രഖ്യാപിത ലക്ഷ്യം. സേവനവും സമരവുമാണ് ഇതിന് മാർഗമായി സ്വീകരിച്ചിട്ടുള്ളത്. തുടക്കത്തിൽ സമുദായത്തിനകത്തും പുറത്തുമുള്ളവർ ഇതിന്റെ സാധ്യതയെയാണ് ചോദ്യം ചെയ്തിരുന്നത്. സാധുത പ്രാമാണികമായി വിശദീകരിച്ചും പ്രായോഗികമായ സാധ്യതകൾ വിജയകരമായി നടപ്പാക്കിയും സംഘടന മുന്നോട്ടുപോയപ്പോൾ സമുദായത്തിനകത്തുള്ളവർ ഈ ശൈലിയെ സ്വാംശീകരിക്കുന്നതാണ് കാണാൻ കഴിയുന്നത്. ■

*(സോളിഡാരിറ്റി സംസ്ഥാന ജനറൽ സെക്രട്ടറിയാണ് ലേഖകൻ)*